കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോട്ടയം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൻ.ആർ/സി.8/1584/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയ്യതി – 12.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

കോട്ടയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോട്ടയം ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( e-mail )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൻ.ആർ/സി.8/1584/2017 തീയ്യതി : 12-10-2017

**കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.11.2016 തീയ്യതി മുതൽ 03.07-2017തീയതി വരെ വിവിധ

ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവു മുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ്നടത്തിയതിന്റെവിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04-07-2017മുതൽ15.07.2017 വരെ. |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ബാബുരാജ് മടപ്രത്ത് | ഓഡിറ്റ് ഓഫീസർ |
| ഉഷ എ | അസിസ്റ്റൻറ് ഓഡിററ് ഓഫീസർ |
| വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ടി.ഷബ്ന | 01.04.2017 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | മുഹമ്മദ് റഫീഖ് പി | 01-04-2016 മുതൽ 02-08-2016വരെ |
| | പി അനിൽ കുമാർ | 03-08-2016 മുതൽ 22-12-2016 വരെ |
| | കെ.ദിവാകരൻ | 23-12-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | കെ.ടി.പ്രണാം | 01-04-2016മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | യു.എൻ.മീര | 01-04-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.വിനീത ജനാർദ്ദനൻ | 01-04-2016മുതൽ 3-08-2016വരെ |
| | ഡോ.ഗോപകുമാർ | 04.08.2016 മുതൽ 16.08.2016 വരെ |

| | | |
|---|---|---|
| | ഡോ.വിനീത ജനാർദ്ദനൻ | 17.08.2016 മുതൽ 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശ്രീകാന്ത്. എം.ആർ | 01-04-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (യുനാനി) | ഡോ.നീന | 01-04-2016മുതൽ 31-03-2017വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.ഷൈജി | 01-04-2016മുതൽ 31-03-2017വരെ |
| ഹെഡ്മാസ്റ്റർ | വിനോദ് കുമാർ.പി.പി | 01.04.2016മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ. | രേഷ്മ.വി. | 01-04-2016മുതൽ 31-03-2017വരെ |
| വി .ഇ. ഒ . | കവിത.കെ.കെ | 01.04.2016മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | മുഹമ്മദ് റഫീക്ക്.പി. | 01.04.2016മുതൽ 27-09-2016 വരെ |
| | പ്രമീള തുണ്ടിയിൽ മാണിക്കോത്ത് | 28.09.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ഖണ്ടിക നമ്പർ | വിഷയം | പേജ് നം |
|---|---|---|
| ഭാഗം 1 | | |
| 1-1 | ബജറ്റ് | |
| 1-2 | വാർഷിക ധനകാര്യ പത്രിക | |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | |
| 1-4 | സാമ്പത്തിക വിശകലനം | |
| 1-5 | ഫണ്ട് വിനിയോഗം | |
| 1-6 | പദ്ധതി അവലോകനം | |

| | | |
|---|---|---|
| 1-7 | പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ 2016-17 | |
| 1-8 | ക്ഷേമപദ്ധതികൾ | |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 1-11 | ഗ്രാമസഭ | |
| ഭാഗം - 2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 2-1 | മൊബൈൽ ടവറിന്റെ വസ്തുനികുതി-റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് ഈടാക്കേണ്ടതാണ് | |
| 2-2 | ഷോപ്പിംഗ് കോംപ്ലക്സ്- വാടകവർദ്ധനവ് വരുത്തുന്നില്ല | |
| 2-3 | ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം | |
| 2-4 | ഡി&ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | |
| ഭാഗം - 3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 3-1 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പാലിക്കേണ്ടതാണ് | |
| 3-2 | സമഗ്ര തുടർ വിദ്യാഭ്യാസം - അപാകങ്ങൾ | |
| 3-3 | കന്നുകുട്ടി പരിപാലന പദ്ധതി -പ്രവർത്തനപുരോഗതി പത്രികയും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ് | |
| 3-4 | സ്പോർട്ട്സ് കിറ്റുകളുടെ വിതരണം -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | |
| 3-5 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചറും പത്താംതരം വിദ്യാർത്ഥികൾക്ക് സൈക്കിളും വിതരണം- മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിച്ചില്ല. | |

| | | |
|---|---|---|
| 3-6 | ഗുണഭോക്തൃപട്ടികയിലുൾപ്പെടാത്തയാൾക്ക് ആനുകൂല്യം നൽകി-9100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 3-7 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ -നിർമ്മാണം പൂർത്തിയാക്കിയില്ല | |
| 3-8 | യാത്ര ബത്ത അനുവദിക്കുന്നത് പ്രതിമാസ പരിധിയിൽ പരിമിതപ്പെടുത്തേണ്ടതാണ് | |
| 3-9 | ടെണ്ടർ വ്യത്യാസം കുറക്കാതെ തുക അനുവദിച്ചു-16107 രൂപ ഈടാക്കേണ്ടതാണ് | |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 4-4 | വായ്പ / വായ്പ തിരിച്ചടവ് | |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 4-6 | ഓഡിറ്റ് റിക്കവറി | |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| | അനുബന്ധം | |
| അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| അനുബന്ധം2 | ഇൻകം & എക്സ്പെൻഡിച്ചർ | |
| അനുബന്ധം3 | രസീറ്റ് & പെയ്മെന്റ് പത്രിക | |

| | | |
|---|---|---|
| അനുബന്ധം4 | ബാലൻസ് ഷീറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 2016 ഫിബ്രവരി 29 ാം തീയതിയിലെ 22/16 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 4201254.00 | 4362714.00 |
| വരവ് | 88758000.00 | 27521106.00 |
| ആകെ | 92959254.00 | 31883820.00 |
| ചെലവ് | 88097500.00 | 30009057.00 |
| നീക്കീയിരിപ്പ് | 4861754.00 | 1874763.00 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 09/06/17 | തിരിച്ചയച്ചിട്ടില്ല | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | തരം |
|---|---|---|---|
| 2016-17 | 05-07-2017 | KSA-KNR/C8/1584/17<br>Dated 12.10.2017 | വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം |

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ബി.ഫണ്ട്- അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ വരവ് വാർഷിക ധനകാര്യ പത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം |
|---|---|---|
| തൊഴിൽ രഹിത വേതനം | 152640 | 155760 |

2.വസ്തുനികുതി- ഡി.സി.ബി.രജിസ്റ്ററിലെ തുക വാർഷിക ധനകാര്യ പത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല.

a)വാർഷികധനകാര്യപത്രികയിലെ ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം

വസ്തുനികുതി ഡിമാന്റ് 17,75,779/- രൂപയും ഡി.സി.ബി.രജിസ്റ്റർ പ്രകാരം 20,85,543/-രൂപയുമാണ്.

b)വാർഷികധനകാര്യപത്രികയിലെ RP-43 ഷെഡ്യൂൾ പ്രകാരം തൻവർഷം വസ്തുനികുതിയിനത്തിൽ 17,63,523/-രൂപ വരവ് വന്നതായി കാണുന്നു. എന്നാൽ ഡി.സി.ബിരജിസ്റ്റർ പ്രകാരം 17,66,169/-രൂപയാണ് വരവ്.

c)വസ്തുനികുതി കുടിശ്ശിക വരവ് വാർഷികധനകാര്യപത്രിക പ്രകാരം 797,110/-രൂപയും ഡി.സി.ബിരജിസ്റ്റർ പ്രകാരം 804,763/-രൂപയുമാണ്.

3. വാടകയിനത്തിൽ തൻവർഷം (RP-43)പ്രകാരം 164088/- രൂപ ലഭിച്ചതായി കാണുന്നു. എന്നാൽ ഡി.സി.ബി രജിസ്റ്ററിൽ 164152/- രൂപ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യാസം 64/- രൂപ.

## 1-4 സാമ്പത്തിക വിശകലനം

| | വരവ് - ചെലവ് പത്രിക പ്രകാരം |
|---|---|
| മുന്നിരിപ്പ് | 4362714.00 |
| വരവ് | 27521106.00 |
| ആകെ | 31883820.00 |
| ചെലവ് | 30009057.00 |
| നീക്കിയിരിപ്പ്- | 1874763.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് | വരവ് | ചെലവ് | അലോട്ട്മെന്റ് പ്രകാരം നീക്കിയിരിപ്പ് | ചെലവ് ശതമാനംഅലോട്ട്മെന്റ് പ്രകാരം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 6437537 | 6437537 | 5923130 | 514407 | 92% |
| വികസനഫണ്ട് എസ്.സി.പി. | 0 | 520803 | 520803 | 470803 | 50000 | 90 % |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2986419 | 2986419 | 2561781 | 424638 | 85.78 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 1509247 | 1045508 | 59% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3610188 | 3610188 | 2759671 | 850517 | 76.44 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1890620 | 1890620 | 978833 | 911787 | 51.77 |
| MNREGS | 299 | 645996 +7398966 (EFMS) | 646295 +7398966 (EFMS) | 645295 +7398966 (EFMS) | 1000 | 99.84 |
| ബി ഫണ്ട് | 0 | 25715410 | 25715410 | 25715410 | - | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 129 | 29552240 | 95 | 18905372 | 39 | 34 | 43.41 % |

## 1-7 പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ 2016-17

1) 46/2017 ചുവപ്പാടി അംഗൻവാടിക്ക് കുഴൽ കിണർ നിർമ്മാണം
2) 47/2017 അംഗൻവാടി പ്രവർത്തകർക്ക് അധിക ഹോണറേറിയം
3) 48/2017 പൂളബസാർ അംഗൻവാടിക്ക് കുഴൽ കിണർ നിർമ്മാണം
4) 54/2017 അംഗൻവാടികൾക്ക് പൈപ്പ് കംപോസ്റ്റ്
5) 62/2017 ഗാർഹിക പൈപ്പ് കംപോസ്റ്റ്
6) 123/2017 സുധീഷ് നഗർ അംഗൻവാടി നവീകരണം
7) 42/2017 എസ് സി ഭൂരഹിത കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 84 | 152640 |
| കർഷകതൊഴിലാളി പെൻഷൻ | 264 | 2530420 |
| വിധവാപെൻഷൻ | 680 | 8360300 |
| വാർദ്ധക്യകാലപെൻഷൻ | 1106 | 10853230 |
| വികലാംഗപെൻഷൻ | 172 | 1709260 |
| വിവാഹധനസഹായം | 15 | 450000 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 142 | 1619560 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-07-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 268/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-06-2017 മുതൽ 29-06-2017 വരെ | 01-01-2017 മുതൽ 31-05-2017വരെ | 04-07-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-08-2005മുതൽ 09-09-2005 വരെ | 1997-98മുതൽ 2004-2005 വരെ | 27-09-2005 |

## 1-11 ഗ്രാമസഭ

കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. എന്നാൽ കോട്ടയം ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ ആറു തവണ ഗ്രാമസഭ ചേർന്നിട്ടുണ്ടെങ്കിലും ഇതിൽ മൂന്നും വിശേഷാൽ ഗ്രാമസഭകളാണ് . ഗ്രാമസഭകൾ മൂന്ന് മാസത്തിലൊരിക്കൽ താഴെപ്പറയും പ്രകാരം യോഗം ചേരേണ്ടതാണ്.

1) ഒന്നാമത്തെ ഗ്രാമസഭ – മുൻവർഷത്തെവികസനപ്രവർത്തനങ്ങളുടെ അവലോകനവും, നടപ്പ് വർഷത്തെ വാർഷീകപദ്ധതി നിർദ്ദേശങ്ങളും.

2) രണ്ടാമത്തെ ഗ്രാമസഭ – അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെ ചർച്ചയും ഗുണഭോക്തൃതെരഞ്ഞെടുപ്പും.

3) മൂന്നാമത്തെ ഗ്രാമസഭ – വാർഷീകപദ്ധതി നിർവഹണവും, ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനവും.

4)നാലാമത്തെ ഗ്രാമസഭ – പദ്ധതി പുരോഗതി മോണിട്ടറിംഗും സോഷ്യൽഓഡിറ്റും.

ഗ്രാമസഭ യോഗം ചേർന്നതിന്റെയും അജണ്ടയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| യോഗം ചേർന്ന തീയ്യതി | അജണ്ട |
|---|---|
| 2/2016 | 2016-17 വാർഷിക പദ്ധതി രൂപീകരണം, വാർഡുതല ജാഗ്രതാ സമിതി പുന സംഘാടനം, വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ |
| 6/2016 | 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ ,മഹാത്മഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി 2015-16 രണ്ടാം ഘട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ,മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണം. |
| 10/2016 മാസത്തെ ആദ്യ ആഴ്ചയിൽ | ദേശീയ ശുചിത്വ ദിനാഘോഷം -വിശേഷാൽ ഗ്രാമസഭ |
| 10/2016 മാസത്തെ മൂന്നാമത്തെ ആഴ്ചയിൽ | 2016-17 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി അവലോകനവും, 2016-17 സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ, 2017-18 വർഷത്തേക്കുള്ള ലേബർ ബജറ്റ്, വാർഷിക കർമ്മപദ്ധതി അംഗീകരിക്കൽ |
| 11/2016 | സൻസദ് ആദർശ് ഗ്രാമയോജന വില്ലേജ് ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കൽ |
| 03/2017 | ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കൽ -പ്രത്യേക ഗ്രാമസഭ |

ഗ്രാമസഭ മൂന്നു മാസത്തിലൊരിക്കൽ ചേരണമെന്ന നിയമത്തിലെ വ്യവസ്ഥ പാലിക്കാനോ മേൽ നിർദ്ദേശങ്ങൾ പാലിക്കുവാനോ സാധിച്ചിട്ടില്ല. ആയതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവറിന്റെ വസ്തുനികുതി:റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്ന റിലയൻസ് ഇൻഫ്രാടെൽ മൊബൈൽ ടവറിന്റെ (7/142എ ബിജു പദ്മനാഭൻ) 2015-16 ലെ അർദ്ധവർഷ നികുതിയായ 5,816 രൂപയും 2016-17 ലെ വസ്തുനികുതിയായ 10,272/- രൂപയുമടക്കം ആകെ 16,088/-രൂപ ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡിമാന്റ് നോട്ടീസ് അയക്കുകയും നികുതി അടക്കുന്നതിനായി ഫോൺ മുഖാന്തരം നിരന്തരം ബന്ധപ്പെടുകയും ചെയ്യെങ്കിലും ആയത് അടവാക്കിയിട്ടില്ലെന്നാണ് അറിയിച്ചത്. ഈ സാഹചര്യത്തിൽ ചട്ടപ്രകാരമുള്ള റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളേണ്ടതും 16,088/-രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്.

### 2-2 ഷോപ്പിംഗ് കോംപ്ലക്സ് -വാടകവർദ്ധനവ് വരുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ 11 മുറികളാണുള്ളത്. ഇതിൽ 10 എണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ അംഗീകൃത ബൈലോ ഇല്ലാതെയാണ് നിലവിൽ കെട്ടിടം വാടകയ്ക്ക് നൽകിയിരിക്കുന്നത്. പ്രിന്റ് ചെയ്ത ആധികാരികമാക്കാത്ത ബൈലോ പ്രകാരം പഞ്ചായത്ത് ഭരണസമിതിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം വാടകയിൽ വർദ്ധനവ് വരുത്താവുന്നതാണെന്ന വ്യവസ്ഥയുണ്ട്. എന്നാൽ വർഷങ്ങളായി കെട്ടിടത്തിലെ മുറികളുടെ വാടകയിനത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല.പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗമെന്ന നിലയിൽ വാടകയിനത്തിൽ കാലികമായി വർദ്ധനവ് വരുത്താനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളാവുന്നതാണ്. ഇതിനായി ബൈലോ ആവശ്യമായ ഭേദഗതികളോടെ അംഗീകൃതമാക്കാനുള്ള നടപടികളും കൈകക്കൊള്ളേണ്ടതാണ്.

### 2-3 ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം10പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. 2016-17വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 375 സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഇതിൽ 85 സ്ഥാപനങ്ങൾ 2017 മാർച്ച് മാസത്തിലും 16 സ്ഥാപനങ്ങൾ ഫെബ്രുവരി മാസത്തിലുമാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിരിക്കുന്നത്.

ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | പേര്,സ്ഥാപനം | വാർഡ്, കെട്ടിടനം | അപേക്ഷ നൽകിയതീയ്യതി |
|---|---|---|---|
| 1 | പി.ആർ ഗോപാലകൃഷ്ണൻ<br>അച്ചാർ,കൊണ്ടാട്ടം നിർമ്മാണവും വില്പനയും | 3/437 | 30-03-17 |
| 2 | ശഗീഷ്.കെ,പൂക്കോട്, ഹോട്ടൽ | 6/204 | 30-03-17 |
| 3 | നിഷാദ് വി.വി, കോട്ടയം<br>മലബാർ വെൽഡിങ് ഷോപ്പ് | 7/225 | 31-03-17 |
| 4 | വി.പി.സഫിയ, ചന്ദ്രകണ്ടി ഹൗസ്, ധർമ്മടം<br>സ്റ്റീൽ ഫർണിച്ചർ നിർമ്മാണം | 1/431 | 30-03-17 |

| | | | |
|---|---|---|---|
| 5 | അനിൽകുമാർ, ആമ്പിലാട്<br>സ്പ്രേ പെയിന്റിംഗ് | 4/219 | 30-03-17 |

ഇത് 1996ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം5,10എന്നിവയുടെ ലംഘനമാണ്.ഇപ്രകാരം ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ 1994ലെ കേ.പ.രാ നിയമത്തിലെ 255വകുപ്പ് പ്രകാരമുള്ള നടപടി (1996ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം2കാണുക.)സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിൽ (പഞ്ചായത്ത് ഓഫീസിനു സമീപം) പ്രവർത്തിക്കുന്ന മത്സ്യക്കടകളും ഇറച്ചിക്കടകളും ഗ്രാമപഞ്ചായത്ത് ഡി&ഒ ലൈസൻസ് നൽകിയിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. (ഏഴാം വാർഡില ഡി&ഒ ലൈസൻസെടുത്ത കടകളിൽ അവ ഉൾപ്പെടുന്നില്ല) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങൾ അടപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയത്. പ്രസ്തുത കടകൾ ലൈസൻസെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇത്തരത്തിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയേണ്ടതുമാണ്.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പാലിക്കേണ്ടതാണ്

പ്രൊജക്ട് നം - എസ്.ഒ.ഒ.59 / 2017

പ്രൊജക്ടിന്റെ പേര് – ഗാർഹിക റിംഗ്കമ്പോസ്റ്റ്.

അടങ്കൽ- 525000/- വികസനഫണ്ട്

ചെലവ്- 413669/-

ബിൽ നം 11 /2016-17, 30/3/2017

നിർവ്വഹണം - വി.ഇ.ഒ

മേൽ പറഞ്ഞ പദ്ധതി റെയ്ഡ്കോ ,കണ്ണൂർ മുഖേനയാണ് നിർവഹണം നടത്തിയിട്ടുള്ളത്. ശുചിത്വ മോണിറ്ററിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് റിപ്പോർട്ടിൽ 14 വാർഡുകളിലായി 184 ഗുണഭോക്താക്കൾക്ക് ഗാർഹിക റിംഗ്കമ്പോസ്റ്റ് സ്ഥാപിച്ചു നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 184 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമായി 250 രൂപ വീതം പിരിച്ചെടുത്തിട്ടുണ്ട്.

റിംഗ് കമ്പോസ്റ്റ് പദ്ധതിക്ക് ആവശ്യമായ ഗുണഭോക്താക്കളെ ലഭിക്കാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചതും പൈപ്പ് കംപോസ്റ്റ് ആവശ്യമില്ലാത്തതുമായ ഗുണഭോക്താക്കളെ (ഗുണഭോക്താക്കൾ 1 മുതൽ 82വരെ ) റിംഗ്കമ്പോസ്റ്റ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ രേഖ ഫയലിൽ ഉണ്ട്.ഇത്തരത്തിൽ ഗുണഭോക്താക്കളെ നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. പൈപ്പ് കമ്പോസ്റ്റ് ആവശ്യമില്ല യെന്നതിന് ഗുണഭോക്താക്കളുടെ കത്ത്ഫയലിൽ ലഭ്യമല്ല.മാത്രമല്ല മേൽ ഗുണഭോക്താക്കളെ ഈ പദ്ധതിക്കായി ഗ്രാമസഭ

മുഖേന തെരഞ്ഞെടുത്തതിന്റെയോ അല്ലെങ്കിൽ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെയോ രേഖകളില്ല.

സർക്കുലർ നം 34704 / ഡി.പി- 1/ 03 / ത.സ്വ.ഭ.വ. 4.8.2003 പ്രകാരം ഒരിക്കൽ ഗ്രാമസഭയിൽ ചർച്ചചെയ്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് യാതൊരു കാരണവശാലും മാറ്റം വരുത്താൻ പാടില്ലായെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7) പൈപ്പ് കമ്പോസ്റ്റ് പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിക്കുകയില്ല എന്ന് ശുചിത്വ മിഷന്റെ അറിയിപ്പ് കാരണമാണ് പൈപ്പ് കമ്പോസ്റ്റ് ഗുണഭോക്താക്കളെ റിംഗ് കമ്പോസ്റ്റ് പദ്ധതിയിലേക്ക് മാറ്റിയതെന്ന് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-2 സമഗ്ര തുടർ വിദ്യാഭ്യാസം അതുല്യം - അപാകങ്ങൾ.

പദ്ധതിയുടെ പേര്-സമഗ്ര തുടർ വിദ്യാഭ്യാസം അതുല്യം

പദ്ധതിയുടെ നം-എസ്.ഒ. 68

അടങ്കൽ - 45000 (തനത് ഫണ്ട് )

ചെലവ് 39000 ചെക്ക് നമ്പർ 5672104/23-03-17

നിർവഹണം - ഹെഡ് മാസ്റ്റർ

2016-2017 വർഷം അതുല്യം സർവേയിലൂടെ കണ്ടെത്തിയ പത്താംതരം പഠിതാക്കൾക്ക് ഫീസിളവ്, പഠനോപകരണങ്ങൾ, തുടർവിദ്യാകേന്ദ്രങ്ങളിലേക്ക് ഓഫീസ്സ്റ്റേഷനറി , ലൈബ്രറി പുസ്തകങ്ങൾ, തുടർ വിദ്യാകേന്ദ്രങ്ങളിൽ വെച്ച് ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ എന്നിവയ്ക്കായി 39000 രൂപ ചെലവഴിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1.തുല്യതാ പരീശീലനം--- 15000 രൂപ

2.തുല്യതാ പഠിതാക്കൾക്ക് പഠനോപകരണങ്ങൾ -6000 (3*2000)

3.ഓഫീസ് സ്റ്റേഷനറി --6000 (3*2000)

4.ബോധവൽക്കരണ ക്ലാസുകൾ നടത്തിയത് --- 6000 (3*2000)

5.തുടർവിദ്യാകേന്ദ്രങ്ങളിൽ പുസ്തക വിതരണം(30 എണ്ണം) ---6000 (3*2000).

നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.2016-2017 വർഷം സാക്ഷരതാ പഠിതാക്കളുടെ തുല്യതാ പരീക്ഷ നടത്തിയിട്ടില്ല.

2. 11.01.16 ലെ ജി.ഒ.(എം.എസ് )4/2016/ത.സ്വ.ഭ.വ നം പ്രകാരമുള്ള 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഖ-7.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണം, ക്യാമ്പയിനുകൾ, മേളകൾ, സെമിനാറുകൾ മുതലായവ ഏറ്റെടുക്കാൻ പാടില്ലായെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടതായി കാണുന്നില്ല.

3.തുടർ വിദ്യാകേന്ദ്രത്തിലേക്ക് ആവശ്യമായ പുസ്തകങ്ങൾ കറന്റ് ബുക്സിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ ബുക്ക്മാർക്കിന് മുൻഗണന നൽകണമെന്ന നിർദ്ദേശം പാലിക്കപെട്ടതായി കാണുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.3) 2017 സെപ്റ്റംബർ മാസത്തിലായിരിക്കും പ്രസ്തുത പരീക്ഷയെന്നും, പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നതായും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാ തിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കന്നുകുട്ടി പരിപാലന പദ്ധതി-പ്രവർത്തനപുരോഗതി പത്രികയും വിനിയോഗസാക്ഷ്യപ ത്രവും ഹാജരാക്കേണ്ടതാണ്.

പ്രൊജക്ട് നം-S0061/2017 (പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.) .

അടങ്കൽ-93750/

ചെലവ്-93750 ബിൽ നം-6/16-17/23-01-17

നിർവഹണം .വെറ്റിനറി സർജൻ

2016-2017 വർഷം പ്രതേക കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പുമായി ബന്ധപെട്ട് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് 15 ഗുണഭോക്താക്കളുടെ സ്ഥാപന വിഹിതമായ 93750/- രൂപ ബിൽ നം.6/16-17 /23.01.2017 പ്രകാരം അനുവദിച്ചിട്ടുണ്ട്. (ഡി.ഡി.നം.312222, 30.1.17). പ്രസ്തുത തുക കൈപ്പറ്റിയതിന്റെ രശീതി ഹാജരാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ പുരോഗതി പത്രികകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-4 സ്പോർട്ട്സ് കിറ്റുകളുടെ വിതരണം -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ:91630 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ നമ്പരും പേരും-എസ്.ഒ.ഒ.94ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം.

അടങ്കൽ-99960/-തനത് ഫണ്ട്

ചെലവ്- 91630/- ചെക്ക് നമ്പർ 5672105/27-03-17

നിർവഹണം-ഹെഡ്മാസ്ററർ,ജി.വി.എച്.എസ് .എസ്., കോട്ടയംപൊയിൽ.

2016-2017 വർഷം കോട്ടയം ഗ്രാമപഞ്ചായത്തിലെ 14 ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്തയിനത്തിൽ 91630 രൂപ ചെലവഴിച്ചിട്ടുണ്ട്.പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ്പോർട്ട്സ് കിറ്റുകൾ വിതരണം ചെയ്ത 14 ക്ളബുകളും കോട്ടയം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
2. ക്ലബുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ 91630 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 പട്ടികജാതി വിദ്യാർത്ഥികൾക്ക്ഫർണ്ണിച്ചറും പത്താംതരം വിദ്യാർത്ഥികൾക്ക് സൈക്കിളും വിതരണം- മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിച്ചില്ല

പദ്ധതി നമ്പർ& പേര് :39/17പട്ടിക ജാതിവിദ്യാർത്ഥികൾക്ക്ഫർണ്ണിച്ചറും,പത്താംതരം വിദ്യാർത്ഥികൾക്ക് സൈക്കിളും.

അടങ്കൽ : 56000 (വികസന ഫണ്ട്)

ബിൽ നം- : 3/2016-17 28/2/17 19950/-

ബിൽ നം- : 6/2016-17 23/3/17 35853/-

നിർവ്വഹണം : അസി.സെക്രട്ടറി

മേൽ പദ്ധതി പ്രകാരം 9 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചറും, 4പത്താംതരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിളും നൽകിയിട്ടുണ്ട്. 11/01/16 -ലെ ജി.ഒ(എം.എസ്).4 /2016 നം മാർഗ്ഗരേഖ

പ്രകാരം സ്കൂൾ അധിക്രുതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം ഫർണ്ണിച്ചറും. സൈക്കിളും സ്കൂൾ അധികൃതർ മുഖേന മാത്രമേ വിതരണം ചെയ്യാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാലീ നിർദേശം പാലിക്കപ്പെട്ടിട്ടില്ല. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമെ ആനുകൂല്യം നൽകിയിട്ടുള്ളൂ എന്നുറപ്പു വരുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ സർക്കാർനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-6 ഗുണഭോക്തൃപട്ടികയിലുൾപ്പെടാത്തയാൾക്ക് ആനുകൂല്യം നൽകി - 9100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് &നമ്പർ : 90/ 17ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്.

അടങ്കൽ -- 478400. (വികസന ഫണ്ട്)

ബിൽചെലവ്- 239200/- നം - 9/ 2016-17 , 29/03/2017

നിർവഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ പറഞ്ഞ ബിൽ പ്രകാരം മാറിയ തുക 39ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിന് വേണ്ടിയുള്ളതാണ്. 42 ഗുണഭോക്താക്കൾ ഉൾപ്പെട്ട ഗുണഭോക്തൃപട്ടികയിൽ നിന്നാണ് 38 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ ഫഹദ് ബിൻസിയാദ് എന്ന ഗുണഭോക്താവ് മേൽ പറഞ്ഞ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ടി ഗുണഭോക്താവിന് സ്കോളർഷിപ്പായി 9100 രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 9ൽ പഠിക്കുന്ന പാവപ്പെട്ട കുട്ടിയെ ഒഴിവാക്കുന്നത് അവകാശ ലംഘനമാകുന്നത് കാരണമാണ് സ്കോളർഷിപ്പ് നൽകിയതെന്നാണ് മറുപടിയിൽ വ്യക്തമാക്കിയത്. (ജി.ഒ.(പി).181 /98/ത.സ്വ.ഭ.വ 2/9/1998) പ്രകാരം വിവിധ ഗ്രാമസഭകൾ തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ അവരുടെ അർഹതയുടെ അടിസ്ഥാനത്തിലാണ് അന്തിമ ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തീരുമാനമില്ലാതെ ഇതിൽ ഉൾപ്പെടാത്ത ഒരു ഗുണഭോക്താവിന് ആനുകൂല്യം നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് അധികാരമില്ല. ആയതിനാൽ 9100 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു..

## 3- 7 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ-നിർമ്മാണം പൂർത്തിയാക്കിയില്ല

പ്രൊ.നമ്പർ. S00 /89/2017

പ്രൊ.പേര്- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം

അടങ്കൽ- 300000 / വികസന ഫണ്ട് (എസ്.സി.പി)

ചെലവ്- 250000./-

ബിൽ.നം- 8 / 29.03.2017/ 100000 /-

11/16-17/30.03.2017 -100000/-

13/16-17/30./3/2017 -50000 /-

ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കുന്നതിന് 100000 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയത്. മേൽ പദ്ധതിയിലെ ഗുണഭോക്താവായ കോട്ടയംപൊയിൽ മണ്ടേക്കാവ് കോളനിയിലെ ശ്രീമതി.സിനി.ആർ. എന്നവർക്ക് 50000 രൂപ മുൻകൂറായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ പണി പൂർത്തിയാക്കിയിട്ടില്ല.

പഠനമുറി പൂർത്തിയാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 യാത്രാ ബത്ത അനുവദിക്കുന്നത് പ്രതിമാസ പരിധിയിൽ പരിമിതപ്പെടുത്തേണ്ടതാണ്

വൗച്ചർ നം.21600262/17.08.2016 പ്രകാരം ശ്രീ.കെ.ദിവാകരൻ,സെക്രട്ടറിയുടെ 2015 മെയ് മാസത്തെ യാത്രബത്ത ഇനത്തിൽ 3241 രൂപ അനുവദിച്ചിട്ടുണ്ട്. 25280/- രൂപ അടിസ്ഥാന ശമ്പളമുള്ള ഗ്രേഡ് I വിഭാഗത്തിൽപെടുന്ന ഈ ഉദ്യോഗസ്ഥന് അർഹമായ യാത്രാബത്ത പ്രതിമാസം 1820 രൂപ എന്ന പരിധിക്ക് വിധേയമായി മാത്രം അനുവദിക്കേണ്ടതാണ്. സമാന ഗ്രേഡിലുള്ളതും സംസ്ഥാനം മുഴവൻ അധികാര പരിധിയുള്ളതുമായ ഒരു ഓഫീസർക്ക് അനുവദനീയമായതിൽ കൂടുതൽ യാത്രാബത്ത ജില്ല മാത്രം അധികാര പരിധിയുള്ള ഒരു ഉദ്യോഗസ്ഥന് അർഹതയില്ല എന്ന് വ്യക്തമാക്കി ക്കൊണ്ടാണ് സർക്കാർ ഈ നിയന്ത്രണം ഏർപ്പടുത്തിയിട്ടുള്ളത്. യാത്രയിൽ അധികാര പരിധിക്കു പുറത്തുള്ള യാത്രകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഈ നിയന്ത്രണം ബാധകമാണ് . ഭാവിയിൽ യാത്രാബത്ത അനുവദിക്കുമ്പോൾ ഈ നിയന്ത്രണം കൃത്യമായി പാലിക്കേണ്ടതാണ്.

## 3-9 ടെണ്ടർ വ്യത്യാസം കുറക്കാതെ തുക അനുവദിച്ചു-16107 രൂപ ഈടാക്കേണ്ടതാണ്

ബിൽ നം. 21/16-17 തീയതി 31.3.2017

പ്രൊജക്ട് നം. 126/2017, എസ്റ്റിമേറ്റ് തുക:145000 ,(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

പ്രവൃത്തിയുടെ പേര്: പൂള ബസാർ,കന്നിത്തോട് പാറക്കുനി തോട് പാർശ്വഭിത്തി നിർമാണം.

ആകെ പ്രവൃത്തി മൂല്യം:143809

മേൽ പ്രവൃത്തിക്ക് താഴെപ്പറയുന്ന കരാറുകളാണ് സമർപ്പിക്കപ്പെട്ടത്.

| ക്രമ നം. | കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | ഒ.വി.സിദ്ദിഖ് | 9.7 % കുറവ് |
| 2 | മനോജ്.കെ | 9.3% കുറവ് |
| 3 | പ്രദീപൻ.എം | 11.2% കുറവ് |

പ്രവൃത്തിയുടെ ഫൈനൽബില്ലിൽ നിന്നും ടെണ്ടർ വ്യത്യാസം(11.2%) കുറക്കാതെയാണ് കരാറുകാരനായ ശ്രീ.എം.പ്രദീപന് തുക അനുവദിച്ചത്. ഇതിന്റെ ഭാഗമായി 16107 രൂപ കരാറുകാരന് അധികം അനുവദിച്ചിട്ടുണ്ട്. (143809 X 11.2/100). ഈ തുക കരാറുകാരനിൽ നിന്നോ അധിക തുക നൽകിയതിന് ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പേരാവൂർ | 2016-17 | 90000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 90000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പേരാവൂർ | 2016-17 | 100000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് കണ്ണൂർ | 2016-17 | 100000 | പെയിൽ & പാലിയെറ്റീവ് പരിപാലനം | 100000 | 0 |
| ജില്ലാപഞ്ചായത്ത് കണ്ണൂർ | 2016-17 | 24000 | നെൽകൃഷി വികസനം | 24000 | 0 |

വാർഷിക ധനകാര്യ പത്രികയിൽ തൻവർഷം ലഭിച്ച തുക RP - 31ൽ 233000/- രൂപയും നീക്കിയിരിപ്പ് B-4ൽ 1029/- രൂപയുമാണ്. വ്യത്യാസം വിശദമാക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | സുധീഷ് നഗർ അംഗൻവാടിക്ക് കുഴൽക്കിണർ | | 6403 | 6403 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ(ആർ.ടി) 274/2010 തീയ്യതി 22.01.2010 | 2393625 | 427775 | 427775 | | -- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5670 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| | 2006-07 | 2-2 (4) | 5670 | പുതിയ പറമ്പൻ | 11601102016/17.08.2016 |

| | | | | | |
|---|---|---|---|---|---|
| | | | | കണ്ടത്തിൽ അഹമ്മദ് | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27521106.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30009057.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16107.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100730.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | | 16107 | ശ്രീ. കെ.ടി പ്രണാം, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 91630 | വിനോദ്കുമാർ പി.പി<br>ഹെഡ്മാസ്ററർ |
| 3-6 | 9100 | രേഷ്മ .വി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ ഔദ്യോഗികമേൽവിലാസവും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.ടി.പ്രണാം | അസിസ്റ്റന്റ് എഞ്ചിനീയർ | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | എൽ.എഫ്.കെ.എൻ.ആർ./സി10 /1296 /2015 -(1)<br>തീയതി 11-8-2015 | 2 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ./ സി10 /-1296 /2015 -(2)<br>തീയതി 11-8-2015 | 3 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ./സി 10 /1296 /2015 - (3)<br>തീയതി 11-8-2015 | 2 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ./സി 10 /1296 /2015 - (4)<br>തീയതി 11-8-2015 | 3 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ./സി 10 /1296 /2015 - (5)<br>തീയതി 11-8-2015 | 1 |
| 2009-10<br>2010-11 | എൽ.എഫ്.കെ.എൻ.ആർ./സി10/1296/2015- (7)<br>തീയതി 11-8-2015 | 6 |
| 2011-12<br>2012-13 | എൽ.എഫ്.കെ.എൻ.ആർ./സി 10/484 /2015-<br>തീയതി 5-8-2015 | 6 |
| 2013-14,<br>2014-15 | എൽ.എഫ്. കെ.എൻ.ആർ./സി10/1385/2016-<br>തീയതി 03--8-2016 | 18 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ-കെ.എൻ.ആർ/സി8/2096/16 തീ.30.12.16 | 16 |

.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.-കെ.എൻ.ആർ/സി.8/1584/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ – doknr.ksad@kerala.gov.in
ഫോൺ – 04972-707698
തീയ്യതി – 12.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

APPENDIX - 1

AUDIT CERTIFICATE

No.KSA-KNR/C8/1584/2017

Kerala State Audit Department,
District Audit Office, Kannur,

Phone 04972-707698

E-Mail. doknr.ksad@kerala.gov.in

Date: 12.10.2017

Certified that I have audited the Annual Financial Statement of Kottayam Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kottayam Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT

## അനുബന്ധം-2

# INCOME AND EXPENDITURE STATEMENT OF KOTTAYAM GRAMAPANCHAYAT FOR THE PERIOD FROM 01.04.2016 TO 31.03.2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2606826 |
| 130000000 | Rental Income from panchayat properties | I-3 | 164088 |
| 140000000 | Fees & User Charges | I-4(b) | 558960 |
| 150000000 | Sale & Hire Charges | I-5(b) | 41104 |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 50455287 |
| 171000000 | Interest Earned | I-8 | 63665 |
| 180000000 | Other Income | I-9 | 144 |
| A | Total Income | | 53890074 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8410980 |
| 220000000 | Administrative Expenses | I-11(b) | 545706 |
| 230000000 | Operations & Maintenance | I-12(b) | 649591 |
| 240000000 | Interest & Finance Charges | I-13 | 88 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 4759021 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 12579692 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 986031 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 684084 |
| 254000000 | Expenditures of transferred institutions and state sponsored schemes | 1-14(d) | 25715410 |
| 255000000 | Maintenance Projects | 1-14(e) | 2407440 |
| 256000000 | Other Revenue Grants & Funds- Revenue Expenses | I-15(a) | 160314 |
| 272000000 | Depreciation | I-17(a) | 6221857 |
| B | Total Expenditure | | 63120214 |
| C=A-B | Gross Surplus / Defict Income over Expenditure | | -9230140 |
| D=280000000 | Prior Period Item | I-18 | -41061 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -9189079 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

DEPUTY DIRECTOR
DISTRICT AUDIT OFFICE, KANNUR

അനുബന്ധം-3

# RECEIPT AND PAYMENT STATEMENT OF KOTTAYAM GRAMA PANCHAYAT FOR THE PERIOD FROM 01.04.016 TO 31.03.2017

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 4296862<br>65852 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 510440 |
| 130000000 | Rental income from panchayat properties | RP-3 | 0 |
| 140000000 | Fees & User Charges | RP-4 | 466830 |
| 150000000 | Sale & Hire Charges | RP-5 | 40514 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 6513544 |
| 171000000 | Interest Earned | RP-9 | 63665 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 16283563 |
| 350000000 | Other Liabilities | RP-36 | 36686 |
| 431000000 | Sundry Debtors | RP-43 | 48837 |
| Non operating | | | |
| 180000000 | Other Income | RP-10 | 144 |
| 310000000 | Panchayat fund | RP-28 | 0 |
| 340000000 | Earmarked Fund | RP-29 | 17798 |

| | | | |
|---|---|---|---|
| 350000000 | Deposits Received | RP-34 | 152005 |
| 431000000 | Other Liabilities | RP-36 | 121884 |
| 460000000 | Sundry Debtors (Receivables) | RP-43 | 3074981 |
| 460000000 | Loans,Advances and Deposits | RP-47 | 190305 |
| Grand Total | | | 31883820 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2248538 |
| 220000000 | Administrative Expenses | RP-12 | 545706 |
| 230000000 | Operations & Maintenance | RP-13 | 649591 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 1445906 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 8299736 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 986031 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 684084 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 642640 |
| 255000000 | Maintance Projects | RP-20 | 2407440 |
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 160314 |
| 280000000 | Prior period item | RP-26 | -18617 |
| 330000000 | Grants, Funds & Contributions for Specific Purposes | RP-31 | 233000 |
| 350000000 | Othes Liabilities | RP-36 | 4412980 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 88 |
| 280000000 | Prior Perid Items | RP-26 | -5670 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 5000 |
| 330000000 | Secured Loans | RP-32 | 427775 |
| 340000000 | Deposits Received | RP-34 | 163975 |
| 350000000 | Other Liabilities | RP-36 | 1589441 |
| 410000000 | Fixed Assets | RP-38 | 4921099 |
| 460000000 | Loans, Advances and Deposits | RP-47 | 210000 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 1834887<br>39876 |
| Grand Total | | | 31883820 |

Deputy Director,

District Audit Office, Kannur.

## അനുബന്ധം-4

# BALANCE SHEET OF KOTTAYAM GRAMA PANCHAYAT AS ON 31-3-2017

| Code No. | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 8165086.97 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | B-2 | 42492.00 |
| 312000000 | Reserves | B-3 | 29740688.00 |
| | Total Reserve & Surplus | | 21618093.03 |
| 320000000 | Grants, Contribution for specific purposes | B-4 | 451307.00 |
| | Grants, Funds, Contributions for specific purposes | | 451307.00 |
| | Total Grants,Contribution for specific purposes | | |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 261006.00 |
| 341000000 | Deposit Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 931464.97 |
| | Total Current Liabilities and Provisions | | 1192470.97 |
| | TOTAL LIABILITIES | | 23261871.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 33782337.00 |
| 411000000 | Accumulated Depreciation | B-11 | -12423047.00 |
| 412000000 | Capital Work In Progress | B-11(a) | 0 |

| | | | |
|---|---|---|---|
| | Total Fixed Assets | | 21359290.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 27818.00 |
| 450000000 | Cash and Bank balance | B-17 | 1874763.00 |
| 460000000 | Loans, Advances and Deposits | B-18 | 0 |
| | Total Current Assets, Loans and Advances | | 1902581.00 |
| | TOTAL ASSETS | | 23261871.00 |

Deputy Director,

District Audit Office, Kannur.